"ഭരണഭാഷ മാതൃഭാഷ"

"കസ്റ്റഡി
തിരുത്തൽ
നവീകരണം
പുനരധിവാസം"
www.keralaprisons.gov.in

കേരള പ്രിസൺസ്
&കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
0471-2342532
keralaprisons@gov.in

**പ്രിസൺസ് ആന്റ് കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ നടപടിക്രമം**

വിഷയം :- ജയിൽ ആസ്ഥാനകാര്യാലയം - ജീവനക്കാര്യം - കേരള സംസ്ഥാന ഐ ടി മിഷന്റെ (KSITM) നേതൃത്വത്തിൽ Artificial intelligence ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ജയിൽ വകുപ്പിൽ ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് നോഡൽ ഓഫീസറെ നിയോഗിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 02/08/2025 തീയതിയിലെ Kerala State Information Technology Mission Director-ന്റെ കത്ത്.

**ഉത്തരവ് നമ്പർ: KPCS/5953/2025-E7; തീയതി: 04-11-2025**

കേരള സർക്കാർ സേവനങ്ങളുടെ വിതരണത്തിൽ Artificial intelligence അധിഷ്ഠിത ഭരണം ശക്തിപ്പെടുത്തുന്നതിനും, സംയോജിപ്പിക്കുന്നതിനുമായി നിരവധി സംരംഭങ്ങൾക്ക് കേരള സംസ്ഥാന ഐടി മിഷൻ (KSITM) നേതൃത്വം നൽകിവരുന്നു. സ്മാർട്ട് ഗവേണൻസിനുള്ള മാർഗ്ഗനിർദ്ദേശക വിങ് ആയ K-AI സംരംഭത്തിന് കീഴിലുള്ള ടെക്നോളജി അവതരണം ദിനംപ്രതി വർദ്ധിപ്പിക്കൽ, വർക്ക് ഷോപ്പുകൾ, വെബിനാറുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നുവെന്നും, പൊതു സേവന വിതരണത്തിന്റെ കാര്യക്ഷമത, സുതാര്യത, ഫലപ്രാപ്തി എന്നിവ വർദ്ധിപ്പിക്കാൻ കഴിയുന്ന AI ഉപകരണങ്ങൾ പര്യവേക്ഷണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യമെന്നും. ആയത് മുന്നോട്ട് കൊണ്ടുപോകുന്നതിന്, സഹകരണപരമായ ഇടപെടലിനായി സംസ്ഥാന ഇ-ഗവേണൻസ് ടീമിന് ജയിൽ വകുപ്പുമായി ബന്ധപ്പെടുന്നതിന് അനുയോജ്യനായ ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി നാമനിർദ്ദേശം ചെയ്യുന്നതിന് പരാമർശം പ്രകാരം ഐ. ടി മിഷൻ ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ കേരള സംസ്ഥാന ഐ. ടി. മിഷൻ (KSITM) നേതൃത്വം നൽകിവരുന്ന Artificial intelligence (AI) മായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ജയിൽ ആസ്ഥാനകാര്യാലയത്തിലെ ടെക്കിനിക്കൽ ഓഫീസറെ നിയോഗിച്ചുകൊണ്ട് ഉത്തരവാകുന്നു.

Vinod Kumar M K
DEPUTY INSPECTOR GENERAL

സ്വീകർത്താവ്:- ശ്രീ. സമീർ എ.,
ടെക്കിനിക്കൽ ഓഫീസർ, ജയിൽ ആസ്ഥാനകാര്യാലയം.

പകർപ്പ്:-
1. എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും.
2. ടെക്കിനിക്കൽ സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

Signed by
Vinod Kumar M K
Date: 04-11-2025 12:43:01